(ഇ) കേരള സിലബസിൽ പഠിച്ച് പ്രവേശന അർഹത നേടിയ കുട്ടികളുടെ എണ്ണം യഥാക്രമം ഓരോ വർഷവും കേരളത്തിൽ നിന്നും ആകെ പ്രവേശന അർഹത നേടിയ കുട്ടികളുടെ എണ്ണത്തിന്റെ എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ബോധന മാദ്ധ്യമത്തെ അടിസ്ഥാനമാക്കിയുള്ള സ്ഥിതി വിവരക്കണക്ക് അപേക്ഷകരിൽ നിന്നും ശേഖരിച്ചിട്ടില്ലാത്തതിനാൽ വിവരം ലഭ്യമല്ല.

(സി, ഡി) സി. ബി. എസ്. ഇ. വിഭാഗത്തിലെ കണക്കുകൾ ലഭ്യമാണ്. വിവരം അനുബന്ധം I-ആയി ചേർത്തിരിക്കുന്നു.†

(ഇ) വിവരം അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.†

ഭരണ നവീകരണ പരിപാടി

146 [698] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നവീകരണ പരിപാടി (എം. ജി. പി.) നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഇതിനായി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ചെയ്തിട്ടുള്ളതും ആവിഷ്കരിച്ചിട്ടുള്ളതുമായ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിന്റെ പ്രചരണാർത്ഥം പത്രമാധ്യമങ്ങൾക്കും റേഡിയോ-ടി. വി. ചാനലുകൾക്കുമായി പരസ്യം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി ചെലവഴിച്ച സംഖ്യ എത്ര;

(ഡി) ഇതു സംബന്ധിച്ച് ലഘുലേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോപ്പി അച്ചടിച്ചു, ഏത് പ്രസ്സിലാണ് അച്ചടിപ്പിച്ചത്; എത്ര സംഖ്യ ചെലവായി എന്ന് വ്യക്തമാക്കാമോ;

(ഇ) ഭരണ നവീകരണ പരിപാടി ചർച്ച ചെയ്യുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി സെമിനാറുകൾ, ചർച്ചകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(എഫ്) ഭരണ നവീകരണ പരിപാടിയുടെ പ്രചരണത്തിനും മറ്റുമായി പ്രത്യേക സഹായം എ. ഡി. ബി.-യിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സംഖ്യ;

(ജി) ഭരണ നവീകരണ പരിപാടിയുടെ മേൽനോട്ടത്തിനായി എ. ഡി. ബി.-യിൽ നിന്ന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഇതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലുള്ള പി. ആർ. ഡി. ഓഫീസിൽ വരുത്തുന്ന നവീകരണ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ഐ) പുതിയ കോൺഫറൻസ് ഹാൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ എസ്റ്റിമേറ്റ് തുക എത്ര എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സർക്കാർ നവീകരണ പരിപാടിക്കുവേണ്ടിയുള്ള 93 ഉദ്യമങ്ങളുടെ വിശദമായ പ്രവർത്തന പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ 16 വകുപ്പുകളും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റുമാണ് ഈ ഉദ്യമങ്ങൾ നടപ്പിലാക്കുന്നത്.

കൂടാതെ സേവനവുമായി ബന്ധപ്പെട്ട ഉദ്യമങ്ങളുടെ വേഗത്തിലുള്ള നിർവ്വഹണത്തിനായി ഒരു സേവന പ്രദാന പദ്ധതിക്കും അംഗീകാരം നൽകിയിട്ടുണ്ട്. ജനങ്ങൾക്ക് പ്രത്യേകിച്ച് പാവപ്പെട്ടവർക്ക് നൽകുന്ന സേവനത്തിന്റെ ഗുണനിലവാരം ഉയർത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിക്കു കീഴിൽ തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങളെ സേവന പ്രദാനത്തിന്റെ കാര്യത്തിൽ മാതൃകകളായി വികസിപ്പിച്ചെടുക്കുന്നതാണ്. പോലീസിന്റെ സേവനം മെച്ചപ്പെടുത്തുന്നതിനായി തിരുവനന്തപുരം സിറ്റി പോലീസിന് ജനങ്ങളുമായി ആശയവിനിമയം നടത്തുന്നതിന് സർക്കാർ നവീകരണ പരിപാടിക്കു കീഴിൽ ഒരു ജാലിക (വെബ്സൈറ്റ്) ഏർപ്പെടുത്തിയിട്ടുണ്ട് (www.tvpmcitypolice.org). കളക്ടറേറ്റുകളിലൂടെയുള്ള സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് "ഡി. സി. സ്യൂട്ട്" എന്ന കമ്പ്യൂട്ടർവത്കൃത പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഭരണ നവീകരണ പരിപാടിയുടെ പ്രചരണാർത്ഥം പത്രമാധ്യമങ്ങൾക്ക് മൂന്നു തവണയായി പരസ്യം നൽകി. "സർക്കാർ നവീകരണ പരിപാടി (എം. ജി. പി.) എന്ത്? എങ്ങനെ?" എന്നൊരു ലഘു പുസ്തകം അച്ചടിപ്പിച്ച് വിതരണം ചെയ്തു. ഭരണ നവീകരണ പരിപാടി സംബന്ധിച്ച് പൊതു ജനങ്ങൾക്ക് അറിവ് നൽകാനായി ഒരു 16 എം. എം. ഫ്രസ്വചിത്രം നിർമ്മിക്കുവാനും തെരുവുനാടകം സംഘടിപ്പിക്കുവാനും നടപടികൾ എടുത്തുവരുന്നു. ഐ.&പി. ആർ. വകുപ്പിൽ ഒരു മീഡിയാ കോൺഫറൻസ് ഹാളിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. കൂടാതെ ഓഫീസുകളിൽ പോകാതെ തന്നെ ജനങ്ങൾക്ക് വിവരങ്ങൾ ലഭിക്കുവാൻ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തുകൾതോറും ഇന്റർനെറ്റ് കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള പരിപാടി ആലോചിച്ചു വരുന്നു.

(സി) ഭരണ നവീകരണ പരിപാടിയുടെ പ്രചരണാർത്ഥം പത്രമാധ്യമങ്ങൾക്ക് മൂന്നു തവണയായി പരസ്യം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ 18,83,233 രൂപ അനുവദിച്ചിട്ടുണ്ട്. പരസ്യം പ്രസിദ്ധീകരിച്ചതിന്റെ ബില്ല് പത്രങ്ങൾ സമർപ്പിക്കുന്ന മുറയ്ക്ക് തുക നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) "സർക്കാർ നവീകരണ പരിപാടി (എം. ജി. പി.) എന്ത്? എങ്ങനെ?" എന്നൊരു ലഘുപുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ലഘുപുസ്തകത്തിന്റെ 15,000 കോപ്പികൾ സർക്കാർ സ്ഥാപനമായ കേരളാ സ്റ്റേറ്റ് ആഡിയോ വിഷ്വൽ & റിപ്രോഗ്രാഫിക് സെന്ററിലാണ് അച്ചടിപ്പിച്ചത്. അച്ചടിച്ചെലവ് 1,04,998 രൂപയാണ്. തുക നൽകിയിട്ടില്ല.

(ഇ) വ്യാപകവും സമഗ്രവുമായ ചർച്ചകളിലൂടെയാണ് ഭരണ നവീകരണ പരിപാടി രൂപപ്പെടുത്തിയിട്ടുള്ളത്. മാധ്യമ പ്രവർത്തകർക്കായി 23-8-2003-ന് കോഴിക്കോട് മേഖലാ ശിൽപ്പശാലയും 5-1-2004-ന് തിരുവനന്തപുരത്ത് സംസ്ഥാനതല ശിൽപ്പ ശാലയും സംഘടിപ്പിക്കുകയുണ്ടായി.

(എഫ്) പ്രചരണത്തിനു മാത്രമായി പ്രത്യേക ധനസഹായം ലഭിച്ചിട്ടില്ല.

(ജി) എം. ജി. പി.-യുടെ മേൽനോട്ടത്തിനായി എ. ഡി. ബി. ആരേയും ചുമതല പ്പെടുത്തിയിട്ടില്ല. ഇത് പൂർണ്ണമായും സർക്കാരിന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്.

(എച്ച്) പബ്ലിക് റിലേഷൻസ് ഡയറക്ടറേറ്റിൽ ഒരു മീഡിയാ കോൺഫറൻസ് ഹാൾ നിർമ്മിച്ചു വരുന്നുണ്ട്.

(ഐ) പുതിയ കോൺഫറൻസ് ഹാളിന്റെ എസ്റ്റിമേറ്റ് തുക 36,97,740 രൂപയാണ്.

ഏകജാലക സംവിധാനം

147 [699] ശ്രീ. പി. നാരായണൻ:

" മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിലേക്ക് ജോലി തേടിപ്പോകുന്നവർക്ക് സർട്ടിഫിക്കറ്റു കളും മറ്റും സാക്ഷ്യപ്പെടുത്തുന്നതിന് വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ ഏകജാലക സംവിധാനം ഏർപ്പെടുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ആവശ്യത്തിൻമേൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച നട പടികൾ വ്യക്തമാക്കുമോ;

(സി) വിദേശത്തേക്ക് ജോലി തേടിപ്പോകുന്നവർക്ക് വേണ്ടി മറ്റെന്തെല്ലാം സൗകര്യ ങ്ങളാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ഇൻഡ്യയിൽ നിന്നും വിദേശ രാജ്യങ്ങളിലേക്ക് തൊഴിൽ തേടിപ്പോകുന്ന ഉദ്യോഗാർത്ഥികളുടെ എസ്. എസ്. എൽ. സി. മുതലുള്ള യോഗ്യതാ സർട്ടിഫിക്കറ്റുകൾ ന്യൂഡൽഹിയിലെ കേന്ദ്ര മനുഷ്യവിഭവശേഷി മന്ത്രാലയവും, വിദേശ കാര്യ മന്ത്രാലയവും സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തു ന്നതിലേക്കു വേണ്ടി ന്യൂഡൽഹിയിൽ പോകേണ്ടി വരുന്ന ഉദ്യോഗാർത്ഥികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly